# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 09.10.2026** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. ന്യൂഡൽഹിയിൽ നടക്കുന്ന വനിതാ-ശിശു വികസന വകുപ്പിന്റെ ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും.

   Prime Minister Narendra Modi will participate in the valedictory session of the Departmental Summit on Women and Child Development in New Delhi today.

2. ജി.എസ്.ടി ഉദ്യോഗസ്ഥർക്ക് അറസ്റ്റ് ചെയ്യാൻ ഉണ്ടായിരുന്ന അധികാരം ഒഴിവാക്കാൻ ജിഎസ്ടി കൗൺസിൽ ശുപാർശ. പരിഷ്കാരങ്ങളെ സ്വാഗതം ചെയ്ത് പ്രധാനമന്ത്രി.

   The GST Council scraps arrest power of tax officers; Prime Minister Narendra Modi welcomed the reforms.

3. ഷെഡ്യൂൾഡ് പട്ടികയിൽ ഉൾപ്പെടാത്ത അർബുദ പ്രതിരോധ മരുന്നുകൾക്ക് ഈടാക്കാവുന്ന ലാഭവിഹിതത്തിന് നിയന്ത്രണം ഏർപ്പെടുത്തി കേന്ദ്രസർക്കാർ.

Government has approved a cap on the margins charged for the supply and sale of non-scheduled anti-cancer drugs.

4. സൗദി അറേബ്യയിൽ വീണ്ടും മിസൈൽ ആക്രമണം നടത്തി യെമനിലെ ഹൂതി വിമതർ. അപലപിച്ച് ഇന്ത്യ; പൗരന്മാർക്ക് ജാഗ്രതാ നിർദ്ദേശം.

Yemen's Houthi rebels launch another missile attack on Saudi Arabia. India condemns the attack and issues an advisory urging citizens to remain vigilant.

5. കേരളത്തിൽ വരും ദിവസങ്ങളിൽ മഴ ശക്തിപ്രാപിക്കും. ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

Rain is expected to intensify in Keralam over the coming days. Yellow alert issued in nine districts today.

6. ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് റാഞ്ചിയിൽ.

In cricket, India will take on West Indies in the second of the five-match T20 International series in Ranchi today.

❁❁❁❁❁❁❁❁❁❁❁❁❁

ന്യൂഡൽഹിയിൽ നടക്കുന്ന വനിതാ-ശിശു വികസന വകുപ്പിന്റെ ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. ഉച്ചകോടിയിൽ എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള വനിതാ-ശിശു വികസന മേഖലയിലെ പ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്നുണ്ട്. ദേശീയ മുൻഗണനകളിൽ കൂട്ടായ ഉത്തരവാദിത്തം ഉറപ്പാക്കുക, കേന്ദ്ര-സംസ്ഥാന സഹകരണം കൂടുതൽ ശക്തമാക്കി ലക്ഷ്യങ്ങൾ വേഗത്തിൽ കൈവരിക്കുക എന്നിവ ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന വകുപ്പുതല ഉച്ചകോടികളുടെ പരമ്പരയിലെ രണ്ടാമത്തേതാണിത്.

❁❁❁❁❁❁❁❁❁❁❁❁❁

## GST COUNCIL MEETING(INTRO)

ജി.എസ്.ടി ഉദ്യോഗസ്ഥർക്കുണ്ടായിരുന്ന അറസ്റ്റ് ചെയ്യാനുള്ള അധികാരം ഒഴിവാക്കാൻ ജിഎസ്ടി കൗൺസിൽ ശുപാർശ ചെയ്തതായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. പ്രോസിക്യൂഷൻ നടപടികൾക്കുള്ള തുകയുടെ പരിധി ഒരു കോടി രൂപയിൽ നിന്ന് 5 കോടി രൂപയായി ഉയർത്തിയതായും 57-ാമത് ജി.എസ്.ടി കൗൺസിൽ യോഗത്തിന് ശേഷം ധനമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. 10,000 രൂപയോ അതിൽ കുറവോ തുകയുള്ള വിഷയങ്ങളിൽ ഇനി മുതൽ നികുതിദായകർക്ക് നോട്ടീസ് അയക്കില്ലെന്നും ധനമന്ത്രി വ്യക്തമാക്കി.

***(ഹോൾഡ് വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## PM-GST COUNCIL MEET

പുതിയ ജിഎസ്ടി പരിഷ്കാരങ്ങളെ സ്വാഗതം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. അറസ്റ്റ് വ്യവസ്ഥകൾ നീക്കം ചെയ്യുക, കുറ്റകരമായ നടപടികളുടെ പരിധി കുറയ്ക്കുക, നടപടിക്രമങ്ങൾ ലളിതമാക്കുക തുടങ്ങിയ വിഷയങ്ങളിൽ ജിഎസ്ടി കൗൺസിൽ നൽകിയ ശുപാർശകൾ അനുകൂലമായ ഫലങ്ങൾ നൽകുമെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ അറിയിച്ചു. വേഗത്തിലുള്ള തീരുമാനങ്ങൾ, ഓട്ടോമാറ്റിക് റീഫണ്ട് സംവിധാനം, വിശ്വാസത്തിലധിഷ്ഠിതമായ ഭരണനിർവഹണം എന്നിവയ്ക്കാണ് പരിഷ്കാരങ്ങൾ ഊന്നൽ നൽകുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

## GOVT-CANCER DRUGS

ഷെഡ്യൂൾഡ് പട്ടികയിൽ ഉൾപ്പെടാത്ത അർബുദ പ്രതിരോധ മരുന്നുകൾക്ക് ഈടാക്കാവുന്ന ലാഭവിഹിതത്തിന് കേന്ദ്രസർക്കാർ നിയന്ത്രണം ഏർപ്പെടുത്തി. പരമാവധി വിൽപന വിലയുടെ 30 ശതമാനമായി ലാഭവിഹിതം പരിമിതപ്പെടുത്താനാണ് രാസവസ്തു -വളം മന്ത്രാലയത്തിന്റെ നിർദ്ദേശം. ഇതുവഴി രോഗികൾക്ക് പ്രതിവർഷം 2,500 കോടി രൂപയോളം ലാഭിക്കാൻ സാധിക്കും.

ഡയറക്ടറേറ്റ് ജനറൽ ഓഫ് ഹെൽത്ത് സർവീസസിന്റെ കീഴിലുള്ള വിദഗ്ധ സമിതി, മരുന്നുകളുടെ പട്ടിക അന്തിമമാക്കുന്നതോടെ നാഷണൽ ഫാർമസ്യൂട്ടിക്കൽ

പ്രൈസിംഗ് അതോറിറ്റി ഔദ്യോഗിക വിജ്ഞാപനം പുറപ്പെടുവിക്കും.

## UGC NET–REGISTRATION OPENS

യുജിസി നെറ്റ് ഡിസംബർ സെഷനിലേക്കുള്ള രജിസ്ട്രേഷൻ നാഷണൽ ടെസ്റ്റിങ് ഏജൻസി ആരംഭിച്ചു. ജൂനിയർ റിസർച്ച് ഫെലോഷിപ്പ്, അസിസ്റ്റന്റ് പ്രൊഫസർഷിപ്പ്, പിഎച്ച്ഡി എന്നിവയ്ക്ക് യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് ugcnet.nta.nic.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം. ഈ മാസം 28 ആണ് അവസാന തീയതി. ഡിസംബർ 14 മുതൽ 19 വരെയായിരിക്കും പരീക്ഷ.

## HOUTHIS – SAUDI ATTACKS

സൗദി അറേബ്യയിലെ വിമാനത്താവളങ്ങളും സൈനിക കേന്ദ്രങ്ങളും ലക്ഷ്യമിട്ട് യമനിലെ ഹൂതി വിമതർ വീണ്ടും മിസൈൽ ആക്രമണം നടത്തി. റിയാദിലെ കിംഗ് ഖാലിദ് അന്താരാഷ്ട്ര വിമാനത്താവളം, നജ്റാൻ വിമാനത്താവളം, ഖമീസ് മുഷൈതിലെ വ്യോമസേനാ താവളം എന്നിവിടങ്ങളിലാണ് ഇന്നലെ ആക്രമണം ഉണ്ടായത്. മൂന്ന് ബാലിസ്റ്റിക് മിസൈലുകൾ സൗദി വ്യോമപ്രതിരോധ സംവിധാനം തകർത്തതായി ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. എയർ ഇന്ത്യ, ഇൻഡിഗോ, ആകാശ എയർ

ഉൾപ്പെടെ പ്രമുഖ വിമാനക്കമ്പനികൾ റിയാദിലേക്കുള്ള സർവീസ് താൽക്കാലികമായി നിർത്തിവച്ചു.

## INDIA – RIYADH

സൗദിയിലെ വിമാനത്താവളങ്ങൾക്ക് നേരെയുണ്ടായ ആക്രമണങ്ങളെ അപലപിച്ച് ഇന്ത്യ. സാധാരണക്കാരെ ലക്ഷ്യമിട്ടുള്ള ആക്രമണങ്ങൾ തികച്ചും അംഗീകരിക്കാനാവാത്തതാണെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. അതെസമയം, പൗരന്മാർക്ക് റിയാദിലെ ഇന്ത്യൻ എംബസി ജാഗ്രതാ നിർദ്ദേശം നൽകി. പ്രവാസികൾ അതീവ ജാഗ്രത പുലർത്തണമെന്നും ആവശ്യാനുസരണം വീടുകളിൽ തന്നെ തുടരണമെന്നും എംബസി അറിയിച്ചു.

## NANA PATEKAR – LAST RITES

നടൻ നാനാ പടേക്കറുടെ സംസ്കാരം പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ നടന്നു. മഹാരാഷ്ട്രയിലെ പുണെയ്ക്കടുത്തു ഡോൺജെയിലെ 'നാനാച്ചി വാടി' ഫാംഹൗസ് വളപ്പിൽ ഇന്നലെ രാത്രി 11:30 ഓടെ മകൻ മൽഹാർ പടേക്കർ അന്ത്യകർമ്മങ്ങൾ നിർവ്വഹിച്ചു.

പുണെ വിമാനത്താവളത്തിൽ എത്തിച്ച ഭൗതികശരീരത്തിൽ മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് ഉൾപ്പെടെയുള്ളവർ ആദരാഞ്ജലി അർപ്പിച്ചു.

**PM 25 YEARS – ASPIRATIONAL DISTRICTS (INTRO)**

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. കേന്ദ്രസർക്കാർ ത്രിപുരയിൽ നടപ്പാക്കിയ വികസനപദ്ധതികളായ അസ്പിരേഷണൽ ഡിസ്ട്രിക്റ്റ്സ്, വൈബ്രന്റ് വില്ലേജസ് എന്നിവയെക്കുറിച്ചാണ് ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പരയിൽ ഇന്ന്.

***വിശദാംശങ്ങളിലേക്ക്.........***
***(വോയിസ്)***

**PM 25 YEARS – ASPIRATIONAL DISTRICTS (VOICE)**

നിതീ ആയോഗിന്റെ അസ്പിരേഷണൽ ഡിസ്ട്രിക്റ്റ്സ് പദ്ധതിക്ക് കീഴിൽ ത്രിപുരയിലെ മലയോര ജില്ലയായ ധലായ് ശ്രദ്ധേയമായ മാറ്റങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്. മാതൃശിശു പരിപാലനം, പ്രാഥമിക വിദ്യാഭ്യാസം, വിദ്യാലയങ്ങളിലെ പഠനനിലവാരം, സൂക്ഷ്മ ജലസേചനം, ഗ്രാമീണ റോഡ് വികസനം എന്നിവയിൽ നടത്തിയ ലക്ഷ്യാധിഷ്ഠിത ഇടപെടലുകൾ ജില്ലയുടെ സാമൂഹിക-സാമ്പത്തിക നിലവാരം

ഉയർത്തി. അതേസമയം, ബംഗ്ലാദേശുമായി 856 കിലോമീറ്റർ അതിർത്തി പങ്കിടുന്ന ത്രിപുരയിലെ അതിർത്തി ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കുകയാണ് 'വൈബ്രന്റ് വില്ലേജസ് പ്രോഗ്രാം'. ഡിജിറ്റൽ ശൃംഖലകളുടെ വ്യാപനം, എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡുകൾ, കുടിവെള്ള കണക്ഷനുകൾ, സൗരോർജ്ജ സംവിധാനങ്ങൾ എന്നിവ വഴി അതിർത്തി ഗ്രാമങ്ങളിലെ അടിസ്ഥാനസൗകര്യ വിടവുകൾ പൂർണ്ണമായും നികത്തപ്പെടുകയാണ്.

*ന്യൂസ് ഡെസ്ക് ആകാശവാണി*

## RAIN-KERALAM

കേരളത്തിൽ വരും ദിവസങ്ങളിൽ മഴ ശക്തിപ്രാപിക്കും. ഒൻപത് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ ഇന്ന് രാത്രി 11.30 വരെ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം.

## WORLD SPACE WEEK(INTRO)

ആഗോള ബഹിരാകാശ വാരാഘോഷങ്ങൾക്ക് നാളെ സമാപനം. ഇതോടനുബന്ധിച്ച് വിവിധ പരിപാടികളാണ് വിക്രം

സാരാഭായ് സ്പെയ്സ് സെന്റർ അടക്കമുള്ള സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്നത്.

***കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.....***

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

## CRICKET-IND VS WI

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാമത്തെ മത്സരം ഇന്ന് റാഞ്ചിയിൽ നടക്കും. ഇന്ത്യൻ സമയം വൈകിട്ട് 7 മണിക്കാണ് മത്സരം. ആദ്യ മത്സരത്തിൽ ഇന്ത്യക്കായിരുന്നു വിജയം.

❁❁❁❁❁❁❁❁❁❁❁❁❁

## US-GREEN CARDS SUSPENSION

ഇന്ത്യൻ കമ്പനികളായ ഇൻഫോസിസ്, TCS, വിപ്രോ, HCL എന്നിവയുൾപ്പെടെ എട്ട് പ്രമുഖ സാങ്കേതികവിദ്യാ, ഔട്ട്സോഴ്സിങ് കമ്പനികളുടെ തൊഴിൽ അധിഷ്ഠിത ഗ്രീൻ കാർഡ് നടപടികൾക്ക് വിലക്കേർപ്പെടുത്തി അമേരിക്ക. കോഗ്നിസന്റ്, ക്യാപ്ജെമിനി, മൈക്രോസോഫ്റ്റ്, അഡോബി എന്നീ കമ്പനികളും ഇതിൽ ഉൾപ്പെടുന്നു. കമ്പനികൾക്കെതിരെ ഫെഡറൽ അന്വേഷണങ്ങൾ തുടരുന്നതിനിടെയാണ് നടപടി. കുറഞ്ഞ വേതനത്തിൽ വിദേശ തൊഴിലാളികളെ നിയമിച്ച് അമേരിക്കൻ

തൊഴിലാളികളെ മാറ്റിനിർത്താൻ കമ്പനികൾ പെർമനന്റ് ലേബർ സർട്ടിഫിക്കേഷൻ സംവിധാനം ഉപയോഗിക്കുന്നതായി വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസ് പറഞ്ഞു. അതേസമയം, ആരോപണങ്ങൾ മൈക്രോസോഫ്റ്റ് നിഷേധിച്ചു.

## JUDGES – OPEN LETTER

തിരഞ്ഞെടുപ്പ് കമ്മീഷൻ, നീതിന്യായ വ്യവസ്ഥ, മറ്റ് ഭരണഘടനാ സ്ഥാപനങ്ങൾ എന്നിവയെ ദുർബലപ്പെടുത്താനുള്ള ശ്രമങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച് 42 മുൻ ജഡ്ജിമാർ തുറന്ന കത്തെഴുതി. ഇന്ത്യയിലെ ഭരണഘടനാ സ്ഥാപനങ്ങൾ തുടർച്ചയായ ആക്രമണങ്ങൾ നേരിടുന്നതായും കത്ത് ആശങ്ക പ്രകടിപ്പിച്ചു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ സംവിധാനത്തെ അസ്ഥിരപ്പെടുത്തുന്നതിന്റെ ഗുരുതരമായ പ്രത്യാഘാതങ്ങൾ കണക്കിലെടുക്കാതെ രാഷ്ട്രീയ താൽപ്പര്യങ്ങൾ മുൻനിർത്തിയാണ് ഈ പ്രചാരണം നടത്തുന്നതെന്ന് മുൻ ജഡ്ജിമാർ ആരോപിച്ചു. എസ്ഐആർ നിയമാനുസൃതമാണെന്നും അത് തിരഞ്ഞെടുപ്പ് കമ്മീഷന്റെ അധികാരപരിധിയിൽ വരുന്നതാണെന്നും കത്തിൽ ചൂണ്ടിക്കാട്ടി.